**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 32** **12-01-2021 - ൽ മറുപടിയ്ക്ക്**

**നൂറ് ദിന കർമ്മ പദ്ധതിയിലെ ലാപ്ടോപ്പ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | നൂറ് ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയ 5 ലക്ഷം കുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; | (എ) | കൊവിഡ്-19 ന്റെ പശ്ചാത്തലത്തിൽ പൊതുവിദ്യാഭ്യാസം സാധ്യമാകാത്തതിനാൽ സ്കൂൾ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യം ഒരുക്കുന്നതിനായി ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിന് ആരംഭിച്ച സൂക്ഷ്മ സമ്പാദ്യ പദ്ധതിയായ 'കെ.എസ്.എഫ്.ഇ - വിദ്യാശ്രീ പദ്ധതിയ്ക്ക് വേണ്ടി, ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു. കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ, കെ.എസ്.എഫ്.ഇ, കുടുംബശ്രീ എന്നിവരുടെ സഹകരണത്തോ-ടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് . |
| (ബി) | ആരുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്; | (ബി) | കൊവിഡ്-19 ന്റെ പശ്ചാത്തലത്തിൽ പൊതുവിദ്യാഭ്യാസം സാധ്യമാകാത്തതിനാൽ സ്കൂൾ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യം ഒരുക്കുന്നതിനായി ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിന് ആരംഭിച്ച സൂക്ഷ്മ സമ്പാദ്യ പദ്ധതിയായ 'കെ.എസ്.എഫ്.ഇ - വിദ്യാശ്രീ പദ്ധതിയ്ക്ക് വേണ്ടി, ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു. കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ, കെ.എസ്.എഫ്.ഇ, കുടുംബശ്രീ എന്നിവരുടെ സഹകരണത്തോ-ടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് . |
| (സി) | ലാപ് ടോപ്പ് എന്ത് വിലയ്ക്കാണ് വിദ്യാർത്ഥികൾക്ക് നൽകിയത്; ഏത് കമ്പനിയുടെ ലാപ്ടോപ്പാണ് ഇപ്രകാരം വിതരണം ചെയ്തത്; | (സി) | ടി പദ്ധതിയിൽ ലാപ്ടോപിന്റെ വില 18000/- രൂപയിൽ കവിയാൻ പാടുള്ളതല്ല എന്നാണു നിഷ്കർഷിച്ചിരിക്കുന്നത്. ടെൻഡർ നടപടികൾ പൂർത്തീകരിക്കാത്തതിനാൽ ലാപ്ടോപ് വിതരണം ചെയ്യുന്ന കമ്പനിയുടെ കാര്യത്തിലോ ലാപ്ടോപിന്റെ വിലയിലോ അന്തിമ തീരുമാനമായിട്ടില്ല . |
| (ഡി) | നൂറ് ദിവസം പൂർത്തിയാക്കിയ ഡിസംബർ 12 നകം എത്ര പേർക്ക് ഈ പദ്ധതി പ്രകാരം ലാപ് ടോപ്പ് വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ? | (ഡി) | ടി പദ്ധതിയിൽ ലാപ്ടോപിന്റെ വില 18000/- രൂപയിൽ കവിയാൻ പാടുള്ളതല്ല എന്നാണു നിഷ്കർഷിച്ചിരിക്കുന്നത്. ടെൻഡർ നടപടികൾ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കാത്തതിനാൽ ലാപ്ടോപ് വിതരണം ചെയ്യുന്ന കമ്പനിയുടെ കാര്യത്തിലോ ലാപ്ടോപിന്റെ വിലയിലോ അന്തിമ തീരുമാനമായിട്ടില്ല . |

സെക്ഷൻ ഓഫീസർ